പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3597 — 12.12.2014 - ൽ മറുപടിയ്ക്ക്

## സാമൂഹ്യ സുരക്ഷാ ഫണ്ട്

ചോദ്യം — ഉത്തരം

ശ്രീ. എളമരം കരീം — ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ ഒരു സാമൂഹ്യ സുരക്ഷാ മിഷൻ പ്രവർത്തിക്കുന്നുണ്ടോ; | (എ) | ഉണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ 2009 മുതൽ പ്രവർത്തിച്ചുവരുന്നു. |
| (ബി) | ഈ മിഷന് വേണ്ടി ഫണ്ട് സ്വരൂപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആകെ എത്ര തുകയാണ് ഈ ഫണ്ടിൽ സ്വരൂപിച്ചത്; | (ബി) | ഉണ്ട്. 40,71,47,472/- രൂപ സ്വരൂപിച്ചിട്ടുണ്ട്. |
| (സി) | സാമൂഹ്യസുരക്ഷാഫണ്ടിലേക്കുള്ള ഫണ്ട് ലഭ്യമാക്കിയതിന്റെ സ്രോതസ്സുകൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ; | (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ കോർപ്പറേറ്റുകൾ, പൊതുമേഖല സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവരിൽ നിന്നും സംഭാവന ശേഖരിച്ചതിനു പുറമെ സ്റ്റാമ്പ് വിൽപ്പനയിലൂടെയും ഫണ്ട് സമാഹരിച്ചിട്ടുണ്ട്. |
| (ഡി) | ഈ ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ വിശദീകരിക്കാമോ? | (ഡി) | ഫണ്ട് സമാഹരിക്കുന്നതിലൂടെ ലഭിക്കുന്ന തുക തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ സാമൂഹ്യസുരക്ഷാമിഷന്റെ പേരിൽ ആരംഭിച്ചിട്ടുള്ള സ്പെഷ്യൽ ടി എസ് ബി അക്കൗണ്ട് നമ്പർ 15146 ൽ നിക്ഷേപിക്കുകയും മിഷൻ മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതി ചെലവുകൾക്ക് സർക്കാരിൽ നിന്നും അനുവദിച്ച് ലഭിക്കുന്ന തുക മതിയാകാതെ വരുന്ന സന്ദർഭത്തിൽ സമാഹരിച്ചിട്ടുള്ള ഫണ്ട് വിനിയോഗിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ